**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2376** **30-09-2025 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്നുകളുടെ ഉപയോഗവും വ്യാപനവും തടയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്കുമരുന്നുകളുടെ ഉപയോഗവും വ്യാപനവും സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. മയക്ക് മരുന്നുകളുടെ ഉപയോഗവും, വ്യാപനവും സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എല്ലാ മാസവും എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ എക്സൈസ് വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർ അവലോകനം നടത്തി വരുന്നു. കണ്ടെടുത്ത NDPS കേസുകളുടെ അന്വേഷണ പുരോഗതി ജില്ലാ തലത്തിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും, സംസ്ഥാന തലത്തിൽ അഡീഷണൽ എക്സൈസ് കമ്മിഷണറും (എൻഫോഴ്സ്മെന്റ്) അവലോകനം നടത്തി വരുന്നു. എല്ലാ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർമാരും, ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരും അതാത് ജില്ലകളിലെ ദൈനംദിന കേസുകൾ വിലയിരുത്തി ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകി വരുന്നു. |
| (ബി) | മയക്കുമരുന്ന് വിപണന ശൃംഖലയിലെ എല്ലാ കണ്ണികളിലേയ്ക്കും എത്തിച്ചേരാൻ അന്വേഷണ സംഘങ്ങൾക്ക് സാധ്യമാകുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഇല്ല. ലഹരിവസ്തുക്കൾ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് കടത്തികൊണ്ടു വരുന്നത്. വിപണനം ചെയ്യുന്നവരിൽ അന്യസംസ്ഥാനക്കാർ കേരളത്തിൽ വന്ന് തിരിച്ചു പോയാൽ അവരെ കണ്ടെത്തുക എളുപ്പമല്ല. ഓരോ കേസിലും ലഹരിയുടെ ഉറവിടം, ലഹരി വിപണനം ചെയ്യുന്ന ശൃംഖല, കൂട്ടുപ്രതികൾ എന്നിവരെക്കുറിച്ചും അന്വേഷണം നടത്തി വരുന്നു. |
| (സി) | അന്വേഷണങ്ങൾ വ്യാപകവും ശക്തവുമാക്കുന്നതിന് സഹായകരമായ എന്തെല്ലാം നൂതന സംവിധാനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | എക്സൈസ് വകുപ്പിൽ പ്രവർത്തിക്കുന്ന സൈബർ സെല്ലിന്റെ സഹായത്തോടെയും, കേസുകളിൽ ഉൾപ്പെട്ട പ്രതികളുടെയും കൂട്ടു പ്രതികളുടെയും സി.ഡി.ആർ, മൊബൈൽ ഫോൺ പരിശോധന, കോൾ ഡീറ്റയിൽസ് എന്നിവ പോലീസിന്റെ സഹായത്തോടെയും പരിശോധിച്ച് പ്രതികൾക്കെതിരായ തെളിവുകൾ ശേഖരിക്കുന്നതിനും കൂടുതൽ കേസുകൾ, ലഹരിയുടെ |

| | | | |
|---|---|---|---|
| | | | ഉറവിടം എന്നിവ കണ്ടെത്തുന്നതിനും സാധിക്കുന്നുണ്ട്. പ്രതികളുടെ മൊബൈൽ ഫോൺ പരിശോധിച്ച് അവരുടെ സാമൂഹ്യ മാധ്യമ അക്കൗണ്ടുകൾ നിരീക്ഷിച്ച് ലഹരിക്കടത്തിനോട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരേയും കണ്ടെത്തുന്നു.<br>പരാതികൾ സ്വീകരിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സജ്ജമാക്കിയിട്ടുണ്ട്. മയക്കുമരുന്ന് ഉപയോഗിക്കുന്നവരെ കണ്ടെത്തുന്നതിനായി ഡ്രഗ് ഡിറ്റക്ഷൻ കിറ്റ്, അബോൺ കിറ്റ് എന്നീ നൂതന സംവിധാനങ്ങൾ ഉപയോഗിച്ചു വരുന്നു. |
| (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് നിന്നും കണ്ടെത്തിയിട്ടുള്ള മയക്കുമരുന്നുകളുടെയും മയക്കുമരുന്നു കേസുകളുടെയും വിശദാംശം നൽകാമോ? | (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് എക്സൈസ് വകുപ്പ് 33306 മയക്കുമരുന്ന് (NDPS) കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പിടിച്ചെടുത്തിട്ടുള്ള മയക്കുമരുന്നുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| മയക്കുമരുന്നുകളുടെ ഇനവും | അളവും |
|---|---|
| ഗഞ്ചാവ് | 15647.7 കി.ഗ്രാം |
| എം.ഡി.എം.എ | 26886.872 ഗ്രാം |
| കഞ്ചാവ് ചെടി | 9559 എണ്ണം |
| എൽ.എസ്.ഡി | 51.913 ഗ്രാം |
| ഹാഷിഷ് ഓയിൽ | 66569.305 ഗ്രാം |
| ബ്രൗൺ ഷുഗർ | 918.126 ഗ്രാം |
| ഹെറോയിൻ | 2898.32 ഗ്രാം |
| ചരസ് | 3564.411 ഗ്രാം |
| മെത്താംഫിറ്റാമിൻ | 14492.050 ഗ്രാം |
| നൈട്രോസെഫാം | 2912.727 ഗ്രാം + 114 എണ്ണം |
| കൊക്കയിൻ | 54.937 ഗ്രാം |
| ഓപ്പിയം | 93.870 ഗ്രാം |

**സെക്ഷൻ ഓഫീസർ**